# മാഞ്ഞൂർ മകുടാലയം ദേവാലയത്തിൽ
# വി. കൊച്ചുത്രേസ്യായുടെ തിരുനാളും നൊവേനയും
## 2017 സെപ്റ്റംബർ 20 മുതൽ ഒക്ടോബർ 2 വരെ തീയതികളിൽ

**മാ**ഞ്ഞൂർ, നീണ്ടൂർ പഞ്ചായത്തുകളുടെ അതിർത്തി പ്രദേശമായ മാഞ്ഞൂർ തെക്കുംഭാഗത്തിന്റെ തിലകക്കുറിയായി മകുടാലയം ദേവാലയം സ്ഥിതി ചെയ്യുന്നു. ഷഡ്ഭുജാകൃതിയിൽ ശിരസ്സിലണിയുന്ന ഒരു മകുട(കിരീടം) ത്തിന്റെ ആകൃതിയിൽ നിർമ്മിച്ചിരിക്കുന്നതിനാലാണ് ഈ ദേവാലയം മകുടാലയം പള്ളി എന്നറിയപ്പെടുന്നത്.

കൈപ്പുഴ പള്ളി ഇടവകക്കാരായിരുന്നു നീണ്ടൂർ, മാഞ്ഞൂർ പ്രദേശങ്ങളിലെ ക്നാനായക്കാർ എല്ലാവരും. പിന്നീട് കൈപ്പുഴ ഇടവകയെ വിഭജിച്ച് നീണ്ടൂർ, ചാമക്കാലാ എന്നീ ഇടവകകൾ സ്ഥാപിതമായെങ്കിലും കൈപ്പുഴയുമായുള്ള ബന്ധവും അടുപ്പവും മൂലം മാഞ്ഞൂർ സൗത്തിലുള്ള ചില കുടുംബങ്ങൾ പുതിയ ഇടവകയിൽ ചേരാതെ കൈപ്പുഴ ഇടവകയിൽ തന്നെ തുടർന്നു. എന്നാൽ, കൈപ്പുഴ പള്ളിയിൽ പോയി ദേവാലയശുശ്രൂഷകളിൽ പങ്കെടുക്കുക ദുഷ്കരമായിരുന്നതിനാൽ മാഞ്ഞൂർ തെക്കുംഭാഗത്തുതന്നെ ഒരു പള്ളി പണിയണമെന്ന ആഗ്രഹം വിശ്വാസികളുടെ ഉള്ളിൽ നിറഞ്ഞു.

പ്രസ്തുത ആഗ്രഹം സഫലീകരിക്കുവാൻ മുന്നോട്ടിറങ്ങിയത് മാക്കീൽപിതാവിന്റെ സഹോദരൻ മോൺ. ജോസഫ് മാക്കീൽ ആയിരുന്നു. അദ്ദേഹത്തിന്റെ മറ്റൊരു സഹോദരൻ മാക്കീൽ പുത്തൻപുരയിൽ തൊമ്മൻ ചാക്കോ പള്ളി പണിയുന്നതിനുവേണ്ടി 46.5 സെന്റ് സ്ഥലവും മാക്കീൽ കുഞ്ഞേപ്പ് ലൂക്കാ 3 സെന്റ് സ്ഥലവും ദാനം ചെയ്തു. മോൺ. ജോസഫ് മാക്കീലിന്റെ മുഖ്യചെലവിലും മേൽനോട്ടത്തിലുമാണ് മകുടാലയം പള്ളി പണികഴിപ്പിച്ചത്. മാക്കീൽ പിതാവിന്റെ 25-ാം മെത്രാഭിഷേക വാർഷികത്തിന്റെയും തന്റെ പിതൃസഹോദരൻ മാക്കീൽ യൗസേപ്പച്ചന്റെ 50-ാം ചരമവാർഷികത്തിന്റെയും സ്മരണയ്ക്കായി ആണ് മകുടാലയം പള്ളി സ്ഥാപിതമായത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.





സ്നേഹിതരേ,

ചെറിയ മിനുക്കുപണികൾക്കുവേണ്ടി ഈശോ ഉപയോഗിക്കുന്ന ഏറ്റവും ചെറിയ ബ്രഷാണ് ഞാൻ, (വി. കൊച്ചുത്രേസ്യാ) എന്ന ബോധ്യത്തോടെ ഈശോയുടെ ഒരു ഉപകരണമായി ജീവിച്ച് നമുക്കുവേണ്ടി സ്വർഗ്ഗത്തിൽനിന്ന് അനുഗ്രഹത്തിന്റെ റോസാപുഷ്പങ്ങൾ വർഷിക്കുന്ന നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. കൊച്ചുത്രേസ്യാ പുണ്യവതിയുടെ തിരുനാൾ ഭക്തിനിർഭരമായ തിരുക്കർമ്മങ്ങളോടെ നടത്തപ്പെടുന്നു. ലിസ്യൂയിലെ കൊച്ചുറാണിയുടെ മാദ്ധ്യസ്ഥതയിൽ ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദി പറയുവാനും ദൈവാനുഗ്രഹങ്ങൾ പ്രാപിക്കുവാനും വിശ്വാസജീവിതത്തിൽ കൂടുതൽ ആഴപ്പെടുവാനും ഈ തിരുനാൾ നമുക്ക് സഹായകരമാകട്ടെ. തിരുനാളിൽ സംബന്ധിച്ച് ധന്യരാകുവാൻ ഏവരേയും ക്ഷണിക്കുന്നു.

**ഫാ. ബോബി കൊച്ചുപറമ്പിൽ** (വികാരി)

അനിതരസാധാരണമായ ശില്പഭംഗിയുടെയും പുരാതന നിർമ്മാണ വൈദഗ്ദ്ധ്യത്തിന്റെയും മകുടോദാഹരണമായി മകുടാലയം നിലകൊള്ളുന്നു. കുമ്മായം ചേർന്ന സുർക്കിയും ചുടുകട്ടയും മാത്രം ഉപയോഗിച്ച് ഒരു ഇഞ്ച് കോൺക്രീറ്റ് പോലും ഉപയോഗിക്കാതെ, ഒരു താഴികക്കുടം പോലെ നിർമ്മിച്ചിരിക്കുന്ന ഈ ദേവാലയം കാലാവസ്ഥാവ്യതിയാനങ്ങളെ അതിജീവിച്ച് നിലകൊള്ളുന്നു. വി.കൊച്ചുത്രേസ്യായുടെ നാമധേയത്തിലുള്ള ഈ ദേവാലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തത് കുളച്ചൽ വർഗ്ഗീസ് മേസ്തിരി ആയിരുന്നു. പള്ളിയുടെ ഉൾവശത്ത് പൂങ്കാവ് സ്വദേശി ഉറുമീസ് മേസ്തിരി വരച്ച മനോഹരമായ ചിത്രങ്ങൾ ഒളിമങ്ങാതെ ഇന്നും നിലനിൽക്കുന്നു.

വി. കൊച്ചുത്രേസ്യായുടെ നാമധേയത്തിൽ സെന്റ് തെരേസാസ് ചർച്ച് എന്നാണ് ഔദ്യോഗികനാമം. എങ്കിലും ഈ പള്ളി അറിയപ്പെടുന്നത് മകുടാലയം പള്ളി, മാക്കീൽ പള്ളി എന്നീ പേരുകളിലാണ്.

ഒക്ടോബർ 1-ാം തീയതിയോടനുബന്ധിച്ചു വരുന്ന ശനി, ഞായർ ദിവസങ്ങളിലാണ് ഇടവക മദ്ധ്യസ്ഥയായ വി.കൊച്ചുത്രേസ്യായുടെ തിരുനാൾ പ്രധാന തിരുനാളായി ആഘോഷിക്കുന്നത്. മെയ്മാസത്തിലെ മാതാവിന്റെ വണക്കമാസത്തിരുനാൾ മെയ് 31-ാം തീയതി ആഘോഷപൂർവ്വം നടത്തപ്പെടുന്നു. അതിനോടനുബന്ധിച്ച് ഇടവകദിനം, കൂടാരയോഗവാർഷികം, സൺഡേ സ്കൂളിന്റെയും മറ്റ് ഭക്തസംഘടനകളുടെയും വാർഷികം എന്നിവ സംയുക്തമായി നടത്തപ്പെടുന്നു. കോട്ടയം അതിരൂപതയിലെ എല്ലാ ഔദ്യോഗിക സംഘടനകളുടെയും ശാഖകൾ ഇവിടെ നന്നായി പ്രവർത്തിക്കുന്നുണ്ട്.

ഈ ഇടവകയിൽ പ്രവർത്തിക്കുന്ന സെന്റ് തെരേസാസ് സ്പോർട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും നടത്തപ്പെടുന്ന വോളിബോൾ ടൂർണമെന്റിൽ ധാരാളം ടീമുകൾ പങ്കെടുക്കുന്നുണ്ട്. ഈ മത്സരം വളരെയേറെ കാണികളെ ആകർഷിക്കുന്നു.

മകുടാലയം പള്ളിയോടനുബന്ധിച്ചുണ്ടായിരുന്ന വൈദികമന്ദിരം കാലക്രമേണ ഉപയോഗ്യമല്ലാതായപ്പോൾ, അതു പൊളിച്ചുനീക്കി, ഇടവകാംഗങ്ങൾ ആധുനിക സൗകര്യങ്ങളോടു കൂടിയ പുതിയ വൈദികമന്ദിരം നിർമ്മിച്ചു.

### പ്രസുദേന്തിമാർ



സിറിയക് ജോസ്
മാക്കീൽ കല്ലിടുക്കിയിൽ



മാത്യു തോമസ്
മാക്കീൽ കല്ലിടുക്കിയിൽ



ബേബിച്ചൻ
മാക്കീൽകീച്ചേരിൽ



സൈമൺ
മരങ്ങാട്ടിൽ

കൈക്കാരന്മാർ



എബ്രഹാം
കുളത്തുംതലയിൽ
(അക്കൗണ്ടന്റ്)



മാത്യു
മരങ്ങാട്ടിൽ
(ദേവാലയ ശുശ്രൂഷി)

### തിരുനാൾ തിരുക്കർമ്മങ്ങൾ

**2017 സെപ്റ്റംബർ 20 മുതൽ 28 വരെ**

6.15 am : സപ്രാ, ലദീഞ്ഞ്, വി. കുർബാന, നൊവേന

**സെപ്റ്റംബർ 29 വെള്ളി**

5.00 pm : കൊടിയേറ്റ്, ലദീഞ്ഞ്, വി. കുർബാന
**റവ.ഫാ. തോമസ് മുഖയപ്പള്ളിൽ OSH**
(റെക്ടർ ഒ.എസ്.എച്ച്. മൈനർ സെമിനാരി)
6.30 pm : **ജപമാല പ്രദക്ഷിണം** (മരങ്ങാട്ടിൽ കവല കുരിശടിയിലേയ്ക്ക്)
7.15 pm : ലദീഞ്ഞ്
**റവ.ഫാ. ജോസ് കടവിൽച്ചിറ** (വികാരി, ചാമക്കാല പള്ളി)
7.30 pm : പ്രദക്ഷിണം (പള്ളിയിലേയ്ക്ക്)
: **പരിശുദ്ധ കുർബാനയുടെ ആശീർവാദം**
**റവ.ഫാ. ഡെന്നീസ് ജോസഫ് കണ്ണമ്യാലിൽ** (വികാരി, പാറേപ്പള്ളി)

**സെപ്റ്റംബർ 30 ശനി**

6.30 am : സപ്രാ, ലദീഞ്ഞ്
**ആഘോഷമായ പാട്ടുകുർബാന**
**റവ. ഫാ. ജോസഫ് പുതുപ്പറമ്പിൽ OSB** (വികാരി, പാഴുത്തുരുത്ത് പള്ളി)
7.00 pm : ലദീഞ്ഞ് (കുരിശുപള്ളിയിൽ)
**റവ. ഫാ. സാബു മാലിത്തുരുത്തേൽ** (വികാരി, കല്ലറപഴയ പള്ളി)
7.15 pm : മെഴുകുതിരി പ്രദക്ഷിണം (പള്ളിയിലേയ്ക്ക്)
8.00 pm : **തിരുനാൾ സന്ദേശം**
**റവ. ഫാ. ടോമി തേർവാലക്കട്ടേൽ OSB**
(മാനേജർ എസ്.കെ.പി.എസ്. പാഴുത്തുരുത്ത്)
**പരി. കുർബാനയുടെ ആശീർവാദം**
**വെരി. റവ. ഫാ. മാത്യു കുഴിപ്പിള്ളിൽ** (ഫൊറോന വികാരി, കൈപ്പുഴ പള്ളി)

**ഒക്ടോബർ 1 ഞായർ**

6.45 am : സപ്രാ, വി. കുർബാന
10.00 am : **തിരുനാൾ റാസ**
**റവ. ഫാ. ജെയിംസ് പൊങ്ങാനയിൽ** (വികാരി, കുമരകം പള്ളി)
സഹകാർമ്മികർ : **റവ. ഫാ. സിജോ മരങ്ങാട്ടിൽ**
**റവ. ഫാ. ജോമി പതീപ്പറമ്പിൽ**
**റവ. ഫാ. തോമസ് ചാണാപ്പാറയിൽ OSB**
**റവ. ഫാ. ഡാലിഷ് കൊച്ചേരിയിൽ**
: **തിരുനാൾ സന്ദേശം**
**റവ. ഫാ. ബിജു തറയിൽ** (വികാരി, കോതനല്ലൂർ പള്ളി)
: **തിരുനാൾ പ്രദക്ഷിണം**
**പരിശുദ്ധ കുർബാനയുടെ ആശീർവാദം**
**റവ. ഫാ. സിറിയക് മറ്റത്തിൽ** (വികാരി, നീണ്ടൂർ പള്ളി)
7.00pm : **മെഗാഷോ**

**ഒക്ടോബർ 2 തിങ്കൾ**

6.15 am : സപ്രാ
6.30 am : മരിച്ചവർക്കുവേണ്ടിയുള്ള പാട്ടുകുർബാന
സെമിത്തേരി സന്ദർശനം